# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 789 — 30.06.2015-ൽ മറുപടിക്ക്

## സ്വകാര്യമേഖലയിലുള്ള മെഡിക്കൽ ലാബുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി :<br>,, പി. ടി. എ. റഹീം :<br>,, കെ. വി. വിജയദാസ് :<br>ശ്രീമതി. പി. അയിഷാ പോറ്റി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്വകാര്യമേഖലയിലുള്ള മെഡിക്കൽ ലാബുകളുടെ പ്രവർത്തനം പരിശോധിക്കാറുണ്ടോ ; | (എ) 'സേഫ് കേരള' പദ്ധതിയുടെ ഭാഗമായി സംസ്ഥാന വ്യാപകമായി രണ്ട് തവണ പരിശോധന നടത്തിയിട്ടുണ്ട്. (26.08.2014 -ലും 27.02.2015 -ലും). |
| (ബി) പ്രസ്തുത ലാബുകളിൽ ഗുണനിലവാരമുള്ള ഉപകരണങ്ങളും യോഗ്യതയുള്ള പരിശോധകരുമുണ്ടോ എന്നത് പരിശോധിക്കാറുണ്ടോ ; | (ബി) പൊതുജനാരോഗ്യ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകാനിടയുള്ള കാര്യങ്ങൾ മുൻനിർത്തിയാണ് പരിശോധന നടത്തിയത്. |
| (സി) ഇതുസംബന്ധിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിയ്ക്കുന്നതിനുള്ള നിയമ വ്യവസ്ഥ വിശദമാക്കാമോ ; | (സി) തിരു-കൊച്ചി പൊതുജനാരോഗ്യ നിയമം 1955, മദിരാശി പൊതുജനാരോഗ്യ നിയമം 1939 പ്രകാരവുമാണ് പരിശോധന നടത്തി നടപടി എടുത്തത്. |
| (ഡി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം നിയമപരമായി ക്രമീകരിക്കുന്നതിന് പാർലമെന്റ് പാസ്സാക്കിയ നിയമം സംസ്ഥാനത്തിന് ബാധകമാക്കുകയോ പുതിയ നിയമം നടപ്പിലാക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിയ്ക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | (ഡി) സ്വകാര്യ ആശുപത്രി, ക്ലിനിക്കുകൾ, ലബോറട്ടറികൾ, നഴ്സിംഗ് ഹോം തുടങ്ങിയവയുടെ നിയന്ത്രണം, ഫീസ് ഏകീകരണം, രജിസ്ട്രേഷൻ എന്നിവയ്ക്കുവേണ്ടി 'ദി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ ' സർക്കാരിന്റെ സജീവ പരിഗണനയിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ